# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2020 നവംബർ 13

# വാർത്താക്കുറിപ്പ്

## പരീക്ഷ തീയതി

മൂന്നാം സെമസ്റ്റർ ബി.പി.ഇ.എസ്. (നാലുവർഷ ഇന്റഗ്രേറ്റഡ് പ്രോഗ്രാം - 2017 അഡ്മിഷൻ റഗുലർ/2017ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ നവംബർ 27 മുതൽ ആരംഭിക്കും. പിഴയില്ലാതെ നവംബർ 17 വരെയും 525 രൂപ പിഴയോടെ 18 വരെയും 1050 രൂപ സൂപ്പർഫൈനോടെ 19 വരെയും അപേക്ഷിക്കാം. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1158/2020)

## അപേക്ഷ തീയതി

ഒന്നു മുതൽ നാലുവരെ വർഷ ബി.എസ് സി. നഴ്സിംഗ് (2012-2015 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾക്ക് പിഴയില്ലാതെ നവംബർ 24 വരെയും 525 രൂപ പിഴയോടെ 25 വരെയും 1050 രൂപ സൂപ്പർഫൈനോടെ 27 വരെയും അപേക്ഷിക്കാം. വിദ്യാർഥികൾ പേപ്പറൊന്നിന് 35 രൂപ വീതം (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം.

(പി.ആർ.ഒ/39/1158/2020)

## പരീക്ഷഫലം

2019 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എ. ഹിസ്റ്ററി (സി.എസ്.എസ്.) റഗുലർ, സപ്ലിമെന്ററി, ബെറ്റർമെന്റ് പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. 2012 അഡ്മിഷൻ മുതലുള്ളവർ പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ 23നകം സർവകലാശാല വെബ്സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ എന്ന ലിങ്കിലൂടെ അപേക്ഷിക്കണം. 2012 അഡ്മിഷന് മുമ്പുള്ള വിദ്യാർഥികൾ പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫീസടച്ച് നവംബർ 23ന് മുമ്പായി നേരിട്ട് അപേക്ഷിക്കണം.

(പി.ആർ.ഒ/39/1158/2020)

## പോളിമർ സയൻസിന്റെ നൂറാം വാർഷികാഘോഷം; രാജ്യാന്തര ഓൺലൈൻ കോൺഫറൻസിന് തുടക്കം

പോളിമർ സയൻസിന്റെ നൂറാംവാർഷികാഘോഷങ്ങളുടെ ഭാഗമായി മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസും പോളണ്ടിലെ ഡിഡാൻസ്ക് ടെക്നോളജി സർവകലാശാലയും സംയുക്തമായി സംഘടിപ്പിക്കുന്ന രാജ്യാന്തര ഓൺലൈൻ സമ്മേളനത്തിന് തുടക്കമായി. 'പോളിമർ സയൻസിന്റെ നൂറുവർഷങ്ങൾ; ഭൂതകാലവും ഭാവിയും' എന്ന വിഷയത്തിൽ നടക്കുന്ന കോൺഫറൻസ് പൂനെ എൻ.സി.എൽ. മുൻ ഡയറക്ടർ ഡോ. എസ്. ശിവറാം ഉദ്ഘാടനം ചെയ്തു. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അധ്യക്ഷത വഹിച്ചു. ജപ്പാനിലെ നഗാഓക്ക സാങ്കേതിക സർവകലാശാലയിലെ പ്രൊഫ. സീച്ചി കവാഹര നാച്ചുറൽ റബറും നാനോടെക്നോളജിയുമായി ബന്ധപ്പെട്ട് മുഖ്യപ്രഭാഷണം നടത്തി.

മാക്രോമോളിക്കുലാർ സയൻസിന്റെയും പോളിമർ സയൻസിന്റെയും വളർച്ചയുടെ ചരിത്രവും നേരിടുന്ന പ്രതിസന്ധികളും അവസരങ്ങളും ചർച്ചചെയ്യുന്ന കോൺഫറൻസിൽ വിവിധ വിഷയങ്ങളിൽ 30 രാജ്യങ്ങളിൽനിന്നുള്ള അറുപതിലേറെ പ്രഭാഷണങ്ങളും വിദ്യാർഥികളുടെ പോസ്റ്റർ പ്രദർശനവും നടക്കും. നവംബർ 15 വരെ നടക്കുന്ന കോൺഫറൻസിൽ ജർമനി, ജപ്പാൻ, അമേരിക്ക, കാനഡ, ഫ്രാൻസ്, സ്വീഡൻ, ഓസ്ട്രിയ, സെനഗൽ, നേപ്പാൾ, ബ്രസീൽ, പോളണ്ട്, ചൈന തുടങ്ങി വിവിധ രാജ്യങ്ങളിൽനിന്നുള്ള പ്രമുഖ ശാസ്ത്രജ്ഞർ പങ്കെടുക്കുന്നു.

### New Avenues in Natural Rubber and Nanotechnology Research highlighted in International Online Conference on Macromolecules (ICM) 2020 at Mahatma Gandhi University

School of Energy Materials (SEM), Mahatma Gandhi University and Gdansk University of Technology, Gdansk, Poland is jointly organizing an International Online Conference on Macromolecules "100 YEARS OF POLYMER SCIENCE – FROM PAST TO FUTURE" from 13th - 15th November 2020 to commemorate the developments in the field of macromolecular science over the last 100 years. Today **Dr. S Sivaram, Former Director, NCL Pune** inaugurated the meeting and addressed the delegates and students on the key historical developments in the filed or macromolecular science. The new directions in macromolecular research was also highlighted by Prof Sivaram.Prof Sabu Thomas, the Honorable Vice chancellor of MG University, an international expert in the field of polymer science (top 2% scientist and 2nd in India) was the chairman of this meeting.**Prof Seiichi Kawahara from Nagaoka University of Technology, Japan** presented breakthrough work in the area of Natural Rubber – Nanodiamond nanocomposites that open up new avenues in the Natural rubber and Nanotechnology research. The conference consist of plenary speakers form 30 countries which include Germany (MaxPlanck Institute), Japan, USA, Canada, France, Sweden, Slovenia, Austria, South Africa, Senegal, Nepal, Brazil, Italy, Australia, Slovakia, Czech, Poland, Romania, Finland, Belgium, Spain, Portugal, Mexica, Korea, China, Taiwan etc.There was sessions for the discussion of joint European projects like Horizon 2020 for mutual collaborative research with MG University and Rest of the world.The conference will end on the 15th November at 8 pm with a panel discussion headed by Prof. Dominique Durand of France. Those who are interested to participate the conference can see the web page: www.polymericmaterials.macromol.in and contact by E mail ID: macromolecules@macromol.in

(പി.ആർ.ഒ/39/1158/2020)

## പ്രാദേശിക ഭരണനിർവഹണ വെബിനാർ 16ന്

മഹാത്മാഗാന്ധി സർവകലാശാല അന്തർ സർവകലാശാല സാമൂഹികശാസ്ത്ര ഗവേഷണകേന്ദ്രം ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സസ്റ്റെയിനബിൾ ഡവലപ്മെന്റ് ആന്റ് ഗവേണൻസുമായി സഹകരിച്ച് നവംബർ 16ന് പ്രാദേശിക ഭരണ നിർവഹണ വെബിനാർ സംഘടിപ്പിക്കുന്നു. 'പ്രാദേശിക ഭരണനിർവഹണം; സാധ്യതകളും വെല്ലുവിളികളും രാജ്യാന്തര താരതമ്യ പരിപ്രേക്ഷ്യത്തിലൂടെ' എന്ന വിഷയത്തിൽ വൈകീട്ട് 6.30 മുതൽ ഗൂഗിൾ മീറ്റിലൂടെയാണ് വെബിനാർ. ട്രാൻസിലിക് ഇന്റർനാഷണൽ പ്രസിഡന്റും മുൻ യു.എൻ.ഡി.പി. ഗവേണൻസ് ഉപദേശകനുമായ ജോൺ സാമുവൽ മുഖ്യപ്രഭാഷണം നടത്തും. ഹൈദരാബാദ് സർവകലാശാല രാഷ്ട്രതന്ത്ര പഠന വിഭാഗത്തിലെ പബ്ലിക് പോളിസി ആന്റ് ഗവേണൻസ് വിദഗ്ധൻ ഡോ. എസ്. ഷാജി അധ്യക്ഷത വഹിക്കും. പ്രാദേശിക ഭരണനിർവഹണ-അധികാര വികേന്ദ്രീകരണരംഗത്തെ പ്രമുഖർ പങ്കെടുക്കും. http://meet.google.com/sho-gmcr-ybx എന്ന ലിങ്കിലൂടെ വെബിനാറിൽ പങ്കെടുക്കാം.

## LOCAL GOVERNANCE WEBINAR AT MGU

The Inter University Centre for Social Science Research and Extension (IUCSSRE), Mahatma Gandhi University is organising a Local Governance Webinar on "Opportunities and Challenges to Local Governance: An International Comparative Perspective" in association with the Institute for Sustainable Development and Governance (ISGD). The Local Governance Webinar is held in the background of a host issues in decentralisation and local self-governance across the world. The Webinar will be held on Monday, 16 November at 6.30 PM on Google Meet Platform.

Sri. John Samuel, former UNDP Governance Advisor and currently President, Trancivic International and ISGD will deliver the key note address. Dr. S. Shaji, faculty, Department of Political Science, University of Hyderabad and others will speak at the webinar.

The Google Meet link for the webinar is: http://meet.google.com/sho-gmcr-ybx

(പി.ആർ.ഒ/39/1158/2020)

## ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം

എംജി യൂണിവേഴ്സിറ്റി യു.ജി.സി.-എം.എച്ച്.ആർ.ഡി. സ്ട്രെയ്ഡ് പ്രോഗ്രാമിന്റെ ഭാഗമായി ബിസിനസ് ഇന്നോവേഷൻ ആൻഡ് ഇൻക്യൂബേഷൻ സെന്റർ സർവകലാശാല കാമ്പസിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും അധ്യാപകർക്കായി ഒരാഴ്ചത്തെ ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം നടത്തുന്നു. നവംബർ 23 മുതൽ 29 വരെയാണ് പ്രോഗ്രാം. എന്റർപ്രെന്യൂർഷിപ്, ബിസിനസ് സ്റ്റാർട്ടപ്പ് എന്നിവയെ ഉദ്ദേശിച്ചുള്ള പരിപാടിയിൽ പങ്കെടുക്കുന്നതിനായി stride@mgu.ac.in എന്ന ഇമെയിൽ വിലാസത്തിലേക്ക് നവംബർ 17 നകം അപേക്ഷകൾ സമർപ്പിക്കാം. വിശദവിവരത്തിന് ഫോൺ: 9847901149

(പി.ആർ.ഒ/39/1158/2020)

**എ. അരുൺകുമാർ**

പബ്ലിക്റിലേഷൻസ്ഓഫീസർ